പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6596 08.11.2016 ൽ - മറുപടിക്ക്

# റേഷൻ വിതരണത്തിന് ബയോ മെട്രിക് കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അൻവർ സാദത്ത്<br>,, പി.ടി. തോമസ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ വിതരണത്തിന് ബയോമെട്രിക് കാർഡ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) റേഷൻകാർഡ് പുതുക്കലിന്റെ ഭാഗമായി പേപ്പർ കാർഡ് തന്നെയാണ് ഇപ്പോൾ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നത്. റേഷൻകാർഡുകളുടെ അപേക്ഷയോടൊപ്പം ആധാർ വിവരങ്ങളും ശേഖരിച്ചിരുന്നു. കാർഡംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ മുഖേന ശേഖരിച്ച് ആധാർ സെർവർ വഴി ആതന്റിക്കേറ്റ് ചെയ്ത് റേഷൻ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) റേഷൻ വിതരണത്തിലെ ഓരോ ഘട്ടവും സുതാര്യമാക്കാനും റേഷൻ സാധനങ്ങളുടെ ചോർച്ചയും വെട്ടിപ്പും തടയാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിവരിക്കുമോ; | (ബി) റേഷൻകടകളിൽ നിന്നും കിട്ടേണ്ട ഉത്പന്നങ്ങളും അളവും സംബന്ധിച്ച് പ്രതിമാസ റേഷൻ വിഹിത വിവരങ്ങൾ ഓരോഉപഭോക്താവിനും എസ്.എം.എസ്. മുഖേന അറിയിക്കുക, സ്റ്റോക്ക് എത്തിച്ചേരുന്ന വിവരം കാർഡുടമയെ എസ്.എം.എസ്. സന്ദേശം വഴി അറിയിക്കുക, കൂടാതെ ട്രാൻസ്പാരൻസി പോർട്ടൽ മുഖേന ഓരോ ട്രാൻസാക്ഷനും തത്സമയം തന്നെ എല്ലാവർക്കും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക തുടങ്ങിയവ പുതിയ സംവിധാനത്തിൽ വിഭാവനം ചെയ്യുന്നുണ്ട്. |

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

(സി) മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് സംസ്ഥാനതലത്തിൽ റാങ്കിംഗ് നടത്തി കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ നിയമം 2013 വിഭാവനം ചെയ്യുന്നമാതിരി കുടുംബത്തിലെ മുതിർന്ന സ്ത്രീയെ കാർഡുടമയാക്കിയിട്ടുണ്ട്. പട്ടികവിഭാഗത്തിൽപ്പെട്ട ക്ലാസ് - 4 ജീവനക്കാരെ കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2017 മാർച്ച് മാസത്തോട്ടുകൂടി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടുകൂടി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തനം ത്വരിതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. ഇതോടൊപ്പം പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഓൺലൈൻ പരാതി പരിഹാര സംവിധാനവും (ഗ്രീവൻസ് റിഡ്രസൽ ആപ്ലിക്കേഷൻ) തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ